**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2123** **09-02-2023 - ൽ മറുപടിയ്ക്ക്**

**കുടുംബാരോഗ്യ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പ്രാഥമികാരോഗ്യ മേഖലയിൽ പ്രാദേശികമായ ആരോഗ്യ സംരക്ഷണ, പരിപാലന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | **സംസ്ഥാനത്ത് നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായി എല്ലാവർക്കും സമഗ്രവും ഗുണനിലവാരമുള്ളതുമായ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും സമഗ്ര ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിനും ജനസൗഹൃദ ആരോഗ്യ സ്ഥാപനങ്ങൾ സൃഷ്ടിച്ചും ആരോഗ്യകരമായ ജീവിതം കൈവരിക്കാനുള്ള പ്രവർത്തനങ്ങൾക്കുമായി ആർദ്രം മിഷൻ രൂപീകരിച്ചിട്ടുള്ളത്.** |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പരിവർത്തനം ചെയ്യുന്ന പ്രവർത്തനത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ആയതിന് സംസ്ഥാന പ്ലാൻ ഫണ്ട് മുഖേന തുക അനുവദിക്കുകയും 166 സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം നടത്തി കുടുംബ ആരോഗ്യകേന്ദ്രമായി പ്രവർത്തിച്ചു വരികയും ചെയ്യുന്നു.<br><br>ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ 504 ആരോഗ്യ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുകയും ആയതിൽ 204 എണ്ണത്തിന് സംസ്ഥാന ഗവൺമെന്റിന്റെ പ്ലാൻ ഫണ്ടും 300 എണ്ണം എൻ.എച്ച്.എം ഫണ്ടും ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തികൾ ഘട്ടം ഘട്ടമായി നടന്നു വരുന്നു. 504 എണ്ണത്തിൽ 403 എണ്ണത്തിന്റെ പണികൾ പൂർത്തീകരിച്ച് കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. 31 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ബാക്കിയുള്ള 70 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | ആർദ്രം മൂന്നാംഘട്ടത്തിൽ 212 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ആയതിന് എൻ.എച്ച്.എം മുഖേന ഓരോ സ്ഥാപനത്തിനും 15.5 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 28 എണ്ണത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ച് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. ബാക്കിയുള്ളവയുടെ നിർമ്മാണ നവീകരണ പ്രവൃത്തികൾ ഘട്ടംഘട്ടമായി പുരോഗമിച്ചു വരുന്നു.<br><br>സംസ്ഥാനത്തെ റവന്യൂ ബ്ലോക്കിലെ തെരഞ്ഞെടുക്കപ്പെടുന്ന ഒരു സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുക്കുന്നതിന്റെ ഭാഗമായി ഒന്നാംഘട്ടമായി 76 സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുവാനും, രണ്ടാംഘട്ടമായി 76 സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുവാനും തെരെഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.<br><br>ആർദ്രം പദ്ധതിയുടെ ഭാഗമായി ചുവടെ പറയും പ്രകാരം അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br><br>**<u>ആർദ്രം ഒന്നാം ഘട്ടം</u>**<br><br>അസിസ്റ്റന്റ് സർജൻ -170 തസ്തിക<br><br>സ്റ്റാഫ് നഴ്സ് -340 തസ്തിക<br><br>ലാബ് ടെക്നീഷ്യൻ -170 തസ്തിക<br><br>ഫാർമസിസ്റ്റ് - 150 തസ്തിക<br><br>**<u>ആർദ്രം രണ്ടാം ഘട്ടം</u>**<br><br>അസിസ്റ്റന്റ് സർജൻ - 374 തസ്തിക<br><br>സ്റ്റാഫ് നഴ്സ് -400 തസ്തിക<br><br>ലാബ് ടെക്നീഷ്യൻ -200 തസ്തിക<br><br>അസിസ്റ്റന്റ് സർജൻ -26 തസ്തിക |
| (സി) | പരിവർത്തനം നടത്തപ്പെടുന്ന കുടുംബാരോഗ്യ കേന്ദ്രങ്ങളെ ദേശീയ അക്രെഡിറ്റേഷൻ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | സംസ്ഥാന തലത്തിലും ജില്ലാ അടിസ്ഥാനത്തിലും കുടുംബ ആരോഗ്യ കേന്ദ്രങ്ങളെ ദേശീയ ഗുണ നിലവാരത്തിലേക്ക് അക്രെഡിറ്റേഷൻ നേടുന്നതിന് തയ്യാറാക്കാൻ കൃത്യമായ വാർഷിക പദ്ധതികൾ തയാറാക്കി ഒരുക്കങ്ങൾ നടത്തുന്നു. ഇതിൻ പ്രകാരം തെരഞ്ഞെടുക്കപെട്ട സ്ഥാപനങ്ങളിൽ ക്വാളിറ്റി ടീമുകൾ രൂപികരിച്ചു ഗുണനിലവാരം ഉറപ്പു |

| | | | |
|---|---|---|---|
| | | | വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. എൻ.ക്യു.എ.എസ് ചെക്ക് ലിസ്റ്റ് അടിസ്ഥാനമാക്കി സ്ഥാപനതല അസ്സെസ്സ്മെന്റുകൾ നടത്തി താഴെ പറയുന്ന 8 ഏരിയകളിലെ വിടവുകൾ കണ്ടെത്തുന്നു.<br><br>1. സേവന വ്യവസ്ഥ<br><br>2. രോഗിയുടെ അവകാശങ്ങൾ<br><br>3.അടിസ്ഥാന/സേവന സൗകര്യങ്ങൾ<br><br>4. പിന്തുണ സേവനങ്ങൾ<br><br>5. ക്ലിനിക്കൽ സേവനങ്ങൾ<br><br>6. അണുബാധ നിയന്ത്രണം<br><br>7. ഗുണനിലവാര മാനേജ്മെൻറ്<br><br>8. പ്രതീക്ഷിക്കുന്ന ഫലം<br><br>തുടർന്ന് ഇത്തരം വിടവുകൾ നികത്തുന്നതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിലും ജില്ലാ/ സംസ്ഥാന തലത്തിലും ഈ വിടവുകൾ പരിഹരിക്കുന്നതിനുള്ള ഫണ്ടുകളും മാനവ വിഭവശേഷിയും മറ്റ് അനുബന്ധ സേവനങ്ങളും ലഭ്യമാക്കാൻ സഹായിക്കുന്നു. എൻ.ക്യു.എ.എസ് സെർട്ടിഫിക്കേഷൻ നേടുന്നതിനായി സ്ഥാപനങ്ങളിലെ ജീവനക്കാർക്കു തൊഴിൽ നൈപുണ്യ പരിശീലനവും നൽകുന്നു. തുടർന്നും അസ്സെസ്സ്മെന്റ് നടത്തി 70 % മുകളിൽ സ്കോർ നേടുന്ന പക്ഷം ജില്ലാ അസ്സെസ്സ്മെന്റിനും അതിൽ 70 % മുകളിൽ സ്കോർ ഉണ്ടെങ്കിൽ തുടർന്നു സംസ്ഥാനതല അസ്സെസ്സ്മെന്റ് അതിലും 70 % മുകളിൽ സ്കോർ ഉണ്ടെങ്കിൽ ദേശീയ തല അസ്സെസ്സ്മെന്റിനു അപേക്ഷ നൽകുകയും ചെയ്യുന്നു. ദേശീയ തലത്തിൽ നിയോഗിക്കപ്പെടുന്ന പരിശോധന സംഘം വന്നു പരിശോധന നടത്തുന്നതാണ്. ഈ പരിശോധനയിലും മേല്പറഞ്ഞ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള സ്കോർ ആശുപത്രിക്കു നേടാനായാൽ എൻ.ക്യു.എ .എസ് സെർറ്റിഫിക്കേഷൻ ആ ആരോഗ്യ സ്ഥാപനത്തിന് നല്കപ്പെടുന്നതാണ്. |
| (ഡി) | കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആധുനിക ലാബ് സൗകര്യങ്ങളും ഫാർമസികളും മറ്റ് അനുബന്ധ സൗകര്യങ്ങളും ഉറപ്പുവരുത്തുവാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ആർദ്രം പദ്ധതിയിലൂടെ കൂടുതൽ അടിസ്ഥാന സൗകര്യം, ചികിത്സ സൗകര്യം എന്നിവ ഏർപ്പെടുത്തുകയും കൂടുതൽ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. ആയതു വഴി ആശുപത്രിയെ ആശ്രയിക്കുന്ന പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട ലബോറട്ടറി സംവിധാനം, അതിലൂടെ |

| | | | |
|---|---|---|---|
| | | | പ്രാഥമികതലത്തിൽ രോഗ നിർണ്ണയം നടത്തുവാനും ജീവിതശൈലി രോഗങ്ങൾ നേരത്തെ കണ്ടെത്തി ചികിത്സ ലഭ്യമാക്കുന്നതിൽ മുഖ്യപങ്കുവഹിക്കുവാനും സാധിച്ചിട്ടുണ്ട്.<br><br>കുടുംബാരോഗ്യകേന്ദ്രത്തിലെ സേവന മേഖല വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ഒ.പി സേവനങ്ങൾ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ ആക്കുകയും നഴ്സസ് പ്രീ ചെക്ക് അപ്പ്, കൗൺസിലിംഗ്, ശ്വാസ്, ആശ്വാസ് ക്ലിനിക്കുകൾ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിടങ്ങൾ, കംപ്യൂട്ടറൈസ്ഡ് ഒപി രജിസ്ട്രേഷൻ, സ്വകാര്യതയോട് കൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ എന്നിവ ചെയ്ത് വരുന്നു.<br><br>രണ്ടുഘട്ടങ്ങളിലായി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബ ആരോഗ്യകേന്ദ്രമാക്കി മാറ്റി അവയ്ക്ക് ലബോറട്ടറി സംവിധാനം ശക്തിപ്പെടുന്നതിലേക്ക് മെച്ചപ്പെട്ട പേഷ്യന്റ് കെയർ നൽകുന്നതിനും ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനും വേണ്ടി യഥാക്രമം 19.94 കോടി രൂപയും 8.93 കോടി രൂപയും KMSCL ന് കൈമാറിയിട്ടുണ്ട്. ഉപകരണങ്ങളുടെ വിതരണം നടന്നു വരുന്നു . |

സെക്ഷൻ ഓഫീസർ